# സാത്താൻറെ മേലുള്ള യേശുവിൻറെ വിജയം

സാക് പുന്നൻ

WFTW 09 ഒക്കേ്ടാബർ 2016

കൊലൊസ്യർ 2: 14,15 ൽ, ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു, '' അതിക്രമങ്ങളൊക്കെയും നമ്മോട് ക്ഷമിച്ചു, ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ച് ക്രൂശിൽത്തറച്ച് നടുവിൽ നിന്ന് നീക്കിക്കളഞ്ഞു; വാഴ്ചകളേയും അധികാരങ്ങളേയും ആയുധവർഗ്ഗം വെപ്പിച്ച് ക്രൂശിൽ അവരുടെ മേൽ ജയോൽസവം കൊണ്ടാടി, അവരെ പരസ്യമായ കാഴ്ചയാക്കി '.

യേശു നമുക്കുവേണ്ടി ക്രൂശിൽ നിവർത്തിച്ച രണ്ടുകാര്യങ്ങളെക്കുറിച്ച് നാം വായിക്കുന്നു.

ഒന്നാമത്, അവിടുന്ന് നാം ദൈവത്തിന് കൊടുക്കാനുണ്ടായിരുന്ന കടം റദ്ദു ചെയ്തു. ദൈവത്തിൻറെ ന്യായപ്രമാണത്തിൽ നാം പാലിക്കേണ്ടിയിരുന്ന കൽപ്പനകളുടെ ഒരു പട്ടിക തന്നെയുണ്ട്. എന്നാൽ നാം അവയെല്ലാം ലംഘിച്ചു. നാം ചെയ്യുന്ന ഓരോ പാപവും സമ്മുടെ സൃഷ്ടാവായ ദൈവത്തിന് കൊടുത്തു വീട്ടുവാനുള്ള കടമാണ് നാം എല്ലാവരും നമ്മുടെ ജീവിതങ്ങളിൽ ഒരു വലിയ കടം കുന്നുകൂട്ടിയിട്ടുണ്ട്. യേശു നമ്മുടെ കടം ക്രൂശിൽ വെച്ച് പൂർണ്ണമായി കൊടുത്തുവീട്ടുകയും നമ്മുടെ കടച്ചീട്ട് കീറിക്കളയുകയും ചെയ്തു. ഇപ്പോൾ നമ്മുടെ പേരിൽ ഒരു കടവും ഇല്ല.

യേശു ക്രൂശിൽച്ചെയ്ത രണ്ടാമത്ത കാര്യം, എല്ലാ പൈശാചികമായ വാഴ്ചകളുടേയും അധികാരങ്ങളുടേയും ആയുധങ്ങൾ എടുത്തു കളഞ്ഞു എന്നതായിരുന്നു. യേശു ക്രൂശിൽ അവരുടെ മേൽ ജയോൽസവം കൊണ്ടാടിയപ്പോൾ, അവിടുന്ന് അവരുടെ ആയുധങ്ങൾ എല്ലാം എടുത്തുകളഞ്ഞു.

നമുക്ക് അതിനെ ഏതാണ്ട് ഇങ്ങനെ ചിത്രീകരിക്കാം: പിശാചുക്കളുടെ എല്ലാം കയ്യിൽ, നമ്മെപ്പോലെ നിസ്സഹായരായ മനുഷ്യർക്കുനേരെ ചൂണ്ടിപ്പിടിച്ച യന്ത്ര തോക്കുകൾ ഉണ്ടായിരുന്നു  നാം അവരെ ഭയപ്പെടുകയും ചെയ്തിരുന്നു. അവർ എല്ലായ്പ്പോഴും നമ്മുടെ നേർക്ക് വെടിയുതിർത്തുകൊണ്ടിരുന്നു, നാം എപ്പോഴും മറവിനായി ഓടേണ്ടിയും ഇരുന്നു. എന്നാൽ യേശു അവരുടെ യന്ത്രത്തോക്കുകൾ എല്ലാം എടുത്ത് അവയെല്ലാം നമുക്ക് നൽകി. ഇപ്പോൾ അവരാണ് നമ്മിൽ നിന്ന് ഓടിക്കൊണ്ടിരിക്കുന്നത്. നമുക്ക് ഇനിമേൽ സാത്താനെയൊ അവൻറെ പിശാചുക്കളെയൊ ഭയപ്പെടേണ്ട ആവശ്യമില്ല.

നാം നിർമ്മല മനസാക്ഷിയോടുകൂടി താഴ്മയിൽ വസിക്കുന്നെങ്കിൽ, അപ്പോൾ നമുക്ക് എല്ലാസമയവും യേശുവിൻറെ നാമത്തിൽ, സാത്താൻറെ എല്ലാ കക്തികളുടെ മേലും ജയത്തോടെ ജീവിക്കാൻ കഴിയും.

യഹോവയുടെ നാമം ബലമേറിയ ഒരു ഗോപുരം ആകുന്നു. നീതിമാൻ അതിലേക്ക് ഓടിച്ചെന്ന് അഭയം പ്രാപിക്കുന്നു( സദൃശവാക്യം 18; 10).

സാത്താനും അവൻറെ എല്ലാ പിശാചുക്കളും ക്രൂശിൽ എന്നെന്നേയ്ക്കുമായി തോൽപ്പിക്കപ്പെട്ടു. നിങ്ങൾ എപ്പോഴെങ്കിലും പിശാചുബാധിതനായ ഒരു വ്യക്തിയെ കണ്ടുമുട്ടുകയാണെങ്കിൽ ഓർക്കുക, അയാളുടെ ഉള്ളിലുള്ള പിശാച് ക്രൂശിൽ തോൽപ്പിക്കപ്പെട്ടവനാണ്. അവൻറെ യന്ത്രത്തോക്ക് ക്രൂശിൽവെച്ച് എടുത്തു മാറ്റപ്പെട്ടു  തന്നെയുമല്ല അവൻറെ കയ്യിൽ ഒരായുധവും

ഇല്ല. ഇപ്പോൾ നിങ്ങൾക്ക് ആ പിശാചിന് നേരെ യേശുവിൻറെ നാമം എന്ന വെടി ഉതിർക്കാൻ കഴിയും.

നിങ്ങൾ ബലഹീനനാണെന്നുള്ളത് ഒരു കാര്യമല്ല. ഏറ്റവും ബലഹീനനായ ഒരു പടയാളി ആണെങ്കിലും അയാൾക്ക് ഒരു യന്ത്രത്തോക്ക് കയ്യിലുണ്ടെങ്കിൽ, തോക്ക് കയ്യിലില്ലാത്ത ശക്തനായ ശത്രുവിനെ വെടിവെച്ച് തുരത്താൻ കഴിയും. പിശാചിൻറെ ആ ഭീമൻ ഗോല്യാത്ത് നിങ്ങളുടെ മുന്പിൽ വീഴും. യേശുവിൻറെ നാമം എല്ലാറ്റിനെക്കാളും ശക്തിയുള്ള ആയുധമാണ്.